**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2162 — 12.02.2013 - ൽ മറുപടിയ്ക്ക്

## ശ്രീ. എം.കെ. രാഘവനെ കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | തലശ്ശേരി ചിറക്കര കണ്ടിക്കൽ വ്യവസായ എസ്റ്റേറ്റിനു സമീപം സിറ്റി പ്ലാസ്റ്റിക് കമ്പനിയിൽ കാവൽക്കാരനായിരുന്ന എം.കെ. രാഘവനെ കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഫലപ്രദമല്ല എന്നുകാണിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; | (എ) | കേസ് അന്വേഷണം ഊർജ്ജിതമാക്കണമെന്നും കുറ്റവാളികളെ എത്രയും വേഗം അറസ്റ്റ് ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മരണപ്പെട്ട രാഘവന്റെ ഭാര്യ ഒരു പരാതി നൽകിയത് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ, ഈ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത കേസിന്മേൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചുള്ള അന്വേഷണങ്ങളും സൈബർ സെല്ലിന്റെ സഹായത്തോടുകൂടി ഫോൺ സംഭാഷണങ്ങളുടെ വിവരങ്ങളും തേടിയിട്ടുണ്ട്. ടി കേസിൽ ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. |
| (സി) | ഈ കൊലപാതകക്കേസിൽ, ഇതിനകം എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) | പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. |
| (ഡി) | അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ്; 2012 ഡിസംബർ ഒന്നാം തീയതി രാത്രി കൊലപാതകം നടന്നിട്ടും ഇന്നുവരെ പ്രതികളെ അറസ്റ്റ് ചെയ്യാത്തതെന്തെന്ന് വിശദ- | (ഡി) | നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളാരെന്ന് വെളിവായിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ടി കേസിൽ ശാസ്ത്രീയമാർഗ്ഗങ്ങൾ അവ- |

| | | |
|---|---|---|
| | മാക്കാമോ; | ലംബിച്ചുള്ള അന്വേഷണങ്ങളിലും സൈബർസെല്ലിന്റെ സഹായ-ത്തോടുകൂടി നടത്തിയ അന്വേഷ-ണത്തിലും പ്രതികളെ കുറിച്ച് വ്യക്തമായ സൂചന ലഭിച്ചിട്ടില്ല. |
| (ഇ) | നിലവിൽ, ഈ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ? | ടി കേസ് ഇപ്പോൾ അന്വേഷ-ണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ